പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1767. 25-03-2013 -ൽ മറുപടിക്ക്.

## മദ്യാസക്തി കുറയ്ക്കുന്നതിനു നടപടി

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ഉത്തരം<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
|---|---|
| (എ) ജനങ്ങളിൽ മദ്യാസക്തി വർദ്ധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, ഇതു കുറയ്ക്കുന്നതിന് എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | (ബി) മദ്യ/ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം, വിപുലവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിൻെറ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവുനാടകങ്ങൾ മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും, എഫ്.എം. റേഡിയോ, ആകാശവാണി വഴിയുള്ള പ്രചരണം എന്നിവയും നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്ന പേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, തിരഞ്ഞെടുക്കപ്പെട്ട 783 സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. |
| (സി) മദ്യാസക്തി ലഘൂകരിക്കുന്നതിന് ഘട്ടംഘട്ടമായി നടപടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുമോ? | (സി) മദ്യാസക്തി ലഘൂകരിക്കുന്നതിനായി, ബോധവൽക്കരണ പരിപാടികൾക്കൊപ്പം, NSS, SPC പ്രോജക്ട്, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ആഫീസർ